**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1655** **31-08-2022 - ൽ മറുപടിയ്ക്ക്**

**തണ്ടംകല്ല് ആദിവാസി കോളനിയിലെ കുടുംബങ്ങൾക്ക് സ്ഥലം അനുവദിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂർ മണ്ഡലത്തിലെ മലയോര മേഖലയിൽ 2019-ലെ പ്രളയത്തെ തുടർന്ന് ഭൂമിയും വീടും നഷ്ടപ്പെട്ട മുണ്ടേരി സീഡ് ഫാം ക്വാർട്ടേഴ്സിൽ താമസിക്കുന്ന പോത്തുകല്ല് തണ്ടംകല്ല് ആദിവാസി കോളനിയിലെ കുടുംബങ്ങൾക്ക് സീഡ് ഫാമിന്റെ കൈവശമുള്ള ഭൂമി നൽകുന്നതിന് തീരുമാനമെടുക്കുകയോ നിർദേശം സമർപ്പിക്കുകയോ ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | **2019 ലെ പ്രളയത്തെ തുടർന്ന് ഭൂമിയും വീടും നഷ്ടപ്പെട്ട പോത്തുകല്ല് തണ്ടംകല്ല് ആദിവാസി കോളനിയിലെ കുടുംബങ്ങൾക്ക്, മുണ്ടേരി സീഡ് ഫാമിലെ ജീവനക്കാർക്കായി നിർമിച്ചതും നിലവിൽ വാസയോഗ്യമല്ലാത്തതുമായ കോർട്ടേഴ്സ് താൽകാലികമായി താമസിക്കുന്നതിന് മാത്രമാണ് വിട്ടു നൽകിയിരിക്കുന്നത്. കൃഷി വകുപ്പിന്റെ അധീനതയിൽ സീഡ് ഫാമിന്റെ കൈവശമുള്ള ഭൂമി തണ്ടംകല്ല് ആദിവാസി കോളനിയിലെ കുടുംബങ്ങൾക്ക് വിട്ടുനൽകുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.** |
| (ബി) | മുണ്ടേരി സീഡ് ഫാമിന്റെ ഏത് ബ്ലോക്കിലാണ് പോത്തുകല്ല് തണ്ടംകല്ല് ആദിവാസി കോളനിയിലെ കുടുംബങ്ങൾക്ക് സ്ഥലം അനുവദിക്കുന്നതിന് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ; എത്ര ഹെക്ടർ ഭൂമി നൽകാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ; | (ബി) | **2019 ലെ പ്രളയത്തെ തുടർന്ന് ഭൂമിയും വീടും നഷ്ടപ്പെട്ട പോത്തുകല്ല് തണ്ടംകല്ല് ആദിവാസി കോളനിയിലെ കുടുംബങ്ങൾക്ക്, മുണ്ടേരി സീഡ് ഫാമിലെ ജീവനക്കാർക്കായി നിർമിച്ചതും നിലവിൽ വാസയോഗ്യമല്ലാത്തതുമായ കോർട്ടേഴ്സ് താൽകാലികമായി താമസിക്കുന്നതിന് മാത്രമാണ് വിട്ടു നൽകിയിരിക്കുന്നത്. കൃഷി വകുപ്പിന്റെ അധീനതയിൽ സീഡ് ഫാമിന്റെ കൈവശമുള്ള ഭൂമി തണ്ടംകല്ല് ആദിവാസി കോളനിയിലെ കുടുംബങ്ങൾക്ക് വിട്ടുനൽകുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.** |
| (സി) | 2019-ലെ പ്രളയത്തെ തുടർന്ന് താമസ യോഗ്യമല്ലാതായ തണ്ടംകല്ല് ആദിവാസി കോളനി നിവാസികളുടെ നിലവിലെ ഭൂമി മുണ്ടേരി സീഡ് ഫാമിന്റെ ഉടമസ്ഥതിലേക്ക് മാറ്റുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | നടപടി സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ